ॐ



**ശുദ്ധ്യശുദ്ധീവിധിയേതേ സമാനേഷ്വപി വസ്തുഷു**
**ദ്രവ്യസ്യ വിചികിത്സാർത്ഥം ഗുണ ദോഷൌ ശുഭാശുഭൌ (11-21-3)**
**ധർമ്മാർത്ഥം വ്യവഹാരാർത്ഥം യാത്രാർത്ഥമിതി ചാനഘ**
**ദർശിതോ$f$യം മയാ$f$ചാരോ ധർമ്മമുദ്വഹതാം ധുരം (11-21-4)**
**ക്വചിദ് ഗുണോ$f$പി ദോഷ: സ്യാദ്ദോഷോ$f$പി വിധിനാഗുണ:**
**ഗുണദോഷാർത്ഥനിയമസ്തദ്ഭിദാമേവ ബാധതേ (11-21-16)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*

ഒരുവന്റെ സ്വധർമ്മത്തോടുള്ള ഭക്തിയെ നൻമയെന്നും, അതിനെതിരായി വർത്തിക്കുന്നതിനെ തിൻമയെന്നും പറയുന്നു. അതിനാൽ ഒരുവനു നൻമയായിട്ടുള്ളത് മറ്റുള്ളവന് അപ്രകാരമാവണം എന്നില്ല. ഈ വിരോധാഭാസം മന:പ്പൂർവ്വമായി വേദശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളത് നൻമതിൻമകളെപ്പറ്റി ആരോഗ്യകരമായ ഒരു സംശയമുണ്ടാക്കി മനുഷ്യനെ സദാ ജാഗരൂകനാക്കുവാനാണ്. അങ്ങിനെ അയാൾ സ്വയം അന്വേഷണത്വരയുള്ളവനാകുന്നു. നൻമതിൻമകളെപ്പറ്റിയുള്ള മറ്റു നിർവ്വചനങ്ങൾ സാമൂഹ്യഘടനകളെ നിലനിർത്താനായും ജനങ്ങൾക്ക് മാർഗ്ഗദർശനത്തിനായും സ്ഥാപിച്ചിട്ടുള്ളതത്രെ. അങ്ങിനെയുള്ള നിർവ്വചനങ്ങൾ നിയമസമാധാനപാലനത്തിന്റെ ചുമതലയുള്ളവർക്ക് അനിവാര്യമാണല്ലോ.

ലോകത്തുള്ള എല്ലാ ജീവികളും, പഞ്ചഭൂതങ്ങളാലും ജിവനാലും നിർമ്മിതമായതുകൊണ്ട് പരസ്പരം യാതൊരു ഭേദവുമില്ല. വേദങ്ങൾ അവയെ ബ്രാഹ്മണൻ - - മുതലായി തരം തിരിച്ചിട്ടുണ്ട് എന്നുള്ളത് സത്യംതന്നെ. സമ്പൂർണ്ണതയെ പ്രാപിക്കാനുള്ള മാർഗ്ഗം നിർദ്ദേശിക്കവേ, ചില ധർമ്മങ്ങളും വേദങ്ങൾ വിവരിക്കുന്നുണ്ട്. എന്റെതന്നെ വാക്കുകളായ വേദങ്ങൾ, നൻമതിൻമകളെ കാലത്തിനും ദേശത്തിനും ബാധകമായ സംഗതികളായേ ഗണിച്ചിട്ടുള്ളു. അതുകൊണ്ട് ചില സ്ഥലങ്ങളെ ദിവ്യമെന്നും മറ്റുചിലതിനെ അദിവ്യമെന്നും പറയുന്നു. ചില സമയങ്ങൾ ശുഭോദർക്കമെന്നും മറ്റുചില സമയങ്ങൾ അശുഭമെന്നും അറിയപ്പെടുന്നു. ചില വസ്തുക്കൾ മറ്റുള്ളവയോട് ചേരുമ്പോൾ അശുദ്ധമായെന്നും, അവയുടെ ശുദ്ധീകരണത്തിനായി മറ്റുചില ശുദ്ധീകരണ വസ്തുക്കൾ ഉണ്ടെന്നും ശാസ്ത്രങ്ങൾ പറയുന്നു. ജലം, മണ്ണ്, അഗ്നി, വായു, കാലം എന്നിവ ശുദ്ധീകരണോപാധികളത്രെ. അഹങ്കാരബോധമുള്ളവരെ ശുദ്ധീകരിക്കാൻ സ്നാനം, ദാനം, തപസ്സ്, യാഗകർമ്മാദികൾ എന്നിവയും അവക്കെല്ലാമുപരിയായി എന്നെ സ്മരിക്കലും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ചില അവസരങ്ങളിൽ നൻമയെന്ന് വിവക്ഷിക്കുന്നവ മറ്റു ചിലപ്പോൾ തിൻമയായി വരുമെന്നും മറ്റുചിലപ്പോൾ തിൻമയെ നൻമയെന്നു കണക്കാക്കാമെന്നും വേദങ്ങൾ പറയുന്നത്, മൂല്യങ്ങൾ ഒന്നും നിരുപാധികമല്ലെന്നു വ്യക്തമാക്കാനാണ്. ഉദാഹരണത്തിന്, ചില കർമ്മങ്ങൾ നൻമയെന്ന് കരുതി ചിലർ അതിനോട് അമിതമായ മമതയിൽ വർത്തിക്കുന്നു. അത്തരം മമത മറ്റുള്ളവരോട് സ്പർദ്ധയുണ്ടാക്കാൻപോലുമിടയാക്കുന്നു. അപ്പോൾ ക്രോധവും, ബുദ്ധിഭ്രമവും ഉണ്ടായി ഒടുവിൽ ജ്ഞാനത്തെ മറക്കാനിടയാവുകയും ചെയ്യുന്നു. ഇത് തിൻമയത്രെ. അപ്രകാരം അജാഗരൂകവും യാന്ത്രീകവുമായി നൻമയോട് ആസക്തി പൂണ്ട് ജീവിക്കുന്നതു കൊണ്ട് നൻമയുടെ ഉദ്ദേശം തന്നെ നഷ്ടമാവുന്നു.

സ്വർഗ്ഗീയസുഖമാസ്വദിക്കാനുതകുന്ന ചില കർമ്മങ്ങളെ വേദങ്ങൾ പ്രോൽസാഹിപ്പിക്കുന്നുണ്ടെന്നു തോന്നും. എന്നാൽ സ്വർഗ്ഗസുഖത്തിന്റെ ക്ഷണികതയെപ്പറ്റി നിശ്ചയമുള്ള വേദങ്ങൾ എന്തുകൊണ്ടിങ്ങിനെ പറയുന്നു എന്നാണെങ്കിൽ, അത്, മനുഷ്യനെ ഇന്ദ്രിയഭോഗങ്ങളിൽ നിന്നും പിന്തിരിപ്പിച്ച് ഈശ്വരമാർഗ്ഗത്തിലേക്ക് നയിക്കാനാണ്. വേദവാക്കുകൾ മനസ്സിലാക്കാൻ വിഷമമുള്ളവയല്ല. മന്ത്രങ്ങളുടെ ശബ്ദഘോഷം മാത്രം സത്യമാവുകയില്ല. വേദങ്ങളുടെ ശരിയായ അർത്ഥം അതീവഗുഹ്യവും എനിക്കു മാത്രം അറിയാവുന്നതുമത്രെ. അതുകൊണ്ട് എന്നിൽ പരമഭക്തനായിട്ടുള്ളവനു മാത്രമേ അതു മനസ്സിലാക്കാൻ കഴിയൂ.